2023
JULY
31
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ബെംഗളൂരുവിൽ വരുന്നു; എഎംഡിയുടെ ചിപ് ഫാക്ടറി

**ന്യൂഡൽഹി:** യുഎസിലെ പ്രമുഖ ഇലക്ട്രോണിക് ചിപ്പ് നിർമാതാക്കളായ എഎംഡി അടുത്ത 5 വർഷത്തിനിടയിൽ ഇന്ത്യയിൽ 40 കോടി ഡോളറിന്റെ (ഏകദേശം 3289 കോടി രൂപ) നിക്ഷേപം നടത്തും. എഎംഡിയുടെ ഏറ്റവും വലിയ ചിപ് ഡിസൈൻ സെന്റർ (5 ലക്ഷം ചതുരശ്രയടി) ഈ വർഷം അവസാനം ബെംഗളൂരുവിൽ തുടങ്ങുമെന്നും ചീഫ് ടെക്നോളജി ഓഫിസർ മാർക് പേപ്പർമാസ്റ്റർ പറഞ്ഞു. ഇതിലൂടെ 3,000 എൻജിനീയറിങ് തൊഴിലുകൾ നൽകുമെന്നും ഗുജറാത്തിലെ ഗാന്ധിനഗറിൽ കേന്ദ്രസർക്കാർ സംഘടിപ്പിച്ച സെമികോൺ ഇന്ത്യ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

നിലവിൽ എഎംഡിക്ക് ഇന്ത്യയിൽ 6,500 ജീവനക്കാരുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫോക്സ്കോൺ പിന്മാറിയെങ്കിലും 2,000 കോടി ഡോളറിന്റെ സെമികണ്ടക്ടർ പദ്ധതിയുമായി മുന്നോട്ടുപോകുമെന്ന് വേദാന്ത ഗ്രൂപ്പ് ചെയർമാൻ അനിൽ അഗർവാൾ പറഞ്ഞു. പദ്ധതിയുടെ ആദ്യഘട്ടം രണ്ടരവർഷത്തിനുള്ളിൽ യാഥാർഥ്യമാകും. സാങ്കേതിക പങ്കാളികളായി ==3 കമ്പനികളെ കൊണ്ടുവരാനുള്ള ചർച്ച പുരോഗമിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. സെമികണ്ടക്ടർ പദ്ധതിയിൽ ഇന്ത്യയുടെ വിശ്വസ്ത പങ്കാളിയായിരിക്കും തങ്ങളെന്ന് ഫോക്സകോൺ അറിയിച്ചു.

## ടാറ്റയ്ക്ക് എൽഎൻജി ഇന്ധനം

ഓസ്ട്രേലിയയിൽ നിന്ന് അസംസ്കൃത വസ്തുക്കൾ കൊണ്ടുവരുന്ന ചരക്കുകപ്പലുകൾക്ക് എൽഎൻജി ഇന്ധനം തിരഞ്ഞെടുത്ത് ടാറ്റ സ്റ്റീൽ.

ഇതോടെ, വൻചരക്കുകപ്പലുകളിൽ പ്രകൃതിസൗഹൃദ ഉൽപന്നമായ എൽഎൻജി ഉപയോഗിക്കുന്ന ആദ്യത്തെ ഇന്ത്യൻ കമ്പനിയായി ടാറ്റ സ്റ്റീൽ മാറി. കാർബൺ പുറന്തള്ളൽ ഗണ്യമായി കുറയ്ക്കുകയാണു ലക്ഷ്യം. 2021ൽ ടാറ്റ സ്റ്റീൽ ചരക്കുനീക്കത്തിന് ഹരിത ഇന്ധനം ഉപയോഗിച്ചുതുടങ്ങിയിരുന്നു

# പാക്കിസ്ഥാനിൽ വൻ സ്ഫോടനം

## 40 മരണം, 200ലേറെ പേർക്ക് പരിക്ക്



**ഇസ്‌ലാമാബാദ്:** പാക്കിസ്ഥാനിൽ ജംഇയ്യത്ത് ഉലമ ഇഇസ്!ലാം ഫസൽ (ജെയുഐഎഫ്) പാർട്ടി യോഗത്തിനിടെ വൻ സ്ഫോടനം. 40 പേർ കൊല്ലപ്പെടുകയും 200 ലേറെ പേർക്കു പരുക്കേൽക്കുകയും ചെയ്തെന്നു രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കൊല്ലപ്പെട്ടവരിൽ ജെയുഐഎഫിന്റെ പ്രാദേശിക നേതാക്കളിൽ ഒരാളുമുണ്ടെന്നാണ് വിവരം.

ബജൗറിയിലെ ഖാറിൽ നടന്ന യോഗത്തിനിടെയായിരുന്നു സ്ഫോടനം. സ്ഫോടനം നടക്കവേ 400 ഓളം പേർ സ്ഥലത്തുണ്ടായിരുന്നെന്നാണു വിവരം. പരുക്കേറ്റവരെ സമീപത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രക്ഷാപ്രവർത്തനം തുടരുകയാണെന്ന് അധികൃതർ അറിയിച്ചു.

39 മൃതദേഹങ്ങൾ ആശുപത്രിയിൽ ഉണ്ടെന്നും 123 പേർക്കു പരുക്കേറ്റതായും ഇതിൽ 17 പേരുടെ നില ഗുരുതരമാണെന്നും ഖൈബർ പഖ്തൂൺഖ്വ പ്രവിശ്യയുടെ ആരോഗ്യമന്ത്രി റിയാസ് അൻവർ എഎഫ്പിയോട് പറഞ്ഞു.

## ഇന്ത്യയുടെ ജിഡിപി ആറ് ലക്ഷം കോടി ഡോളറായി ഉയരുമെന്ന് സ്റ്റാൻഡേഡ് ചാർട്ടേഡ് ബാങ്ക് റിസർച്ച്



**മുംബൈ:** ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉൽപാദനം അടുത്ത ഏഴ് വർഷം കഴിയുമ്പോൾ 2030ഓടെ ആറ് ലക്ഷം കോടി ഡോളർ ആയി ഉയരുമെന്ന് സ്റ്റാൻഡേഡ് ചാർട്ടേഡ് ബാങ്ക് റിസർച്ച് റിപ്പോർട്ട്. . 2023ലെ ജിഡിപി വെറും 3.5 ലക്ഷം കോടി ഡോളർ മാത്രമാണ്. സേവനഉൽപാദനമേഖലയിൽ ഇന്ത്യയ്ക്കകത്തുള്ള മൊത്തം ആഭ്യന്തര ഉൽപാദനത്തെയാണ് ഇന്ത്യയിലെ ജിഡിപി എന്ന് പറയുക.

ആളോഹരി വരുമാനമാകട്ടെ 2030ൽ നാലായിരം ഡോളർ ആയി ഉയരും. 2022ലെ ആളോഹരി വരുമാനം വെറും 2,450 ഡോളർ മാത്രമാണ്. ഇന്ത്യ ഇതോടെ ഒരു താഴ്ന്ന ഇടത്തരം വരുമാനക്കാരുടെ സമ്പദ്ഘടനയിൽ നിന്നും ഉയർന്ന ഇടത്തരം വരുമാനക്കാരുടെ സമ്പദ്ഘടനയായി മാറും. സ്ഥിരമായ നയപരിഷ്കാരങ്ങളിലൂടെയും സ്ഥൂലസമ്പദ്ഘടനയിലെ പ്രതിഭാസങ്ങളായ ദേശീയ വരുമാനം, സാമ്പത്തിക വളര!ച്ചാനിരക്ക്, നാണ്യപ്പെരുപ്പം, ജിഡിപി എന്നിവയിൽ സ്ഥിരത നിലനിർത്തിയും ഈ ലക്ഷ്യം ഇന്ത്യ കൈവരിക്കുമെന്നും ചൂണ്ടിക്കാട്ടുന്നു.

## കാഷ്യു ബോർഡിന് 3.5 കോടി അനുവദിച്ചു

**തിരുവനന്തപുരം:** കാഷ്യു ബോർഡിന്റെ ഒരു വർഷത്തെ പ്രവർത്തനത്തിനായി 43.55 കോടി രൂപ അനുവദിച്ചതായി മന്ത്രി കെ.എൻ.ബാലഗോപാൽ അറിയിച്ചു. കശുവണ്ടി ഉൽപാദിപ്പിക്കുന്ന രാജ്യങ്ങളിൽ നിന്ന് ഗുണമേന്മയുള്ള തോട്ടണ്ടി പരമാവധി വില കുറച്ചു വാങ്ങി വ്യവസായ സ്ഥാപനങ്ങൾക്കു ന്യായവിലയ്ക്കു നൽകുകയാണ് കാഷ്യു ബോർഡിന്റെ ചുമതല. കാപെക്സും കാഷ്യു കോർപറേഷനും കാഷ്യു ബോർഡ് വഴി ഏറ്റവും നല്ല കശുവണ്ടി ശേഖരിച്ചാണ് ഇപ്പോൾ പ്രവർത്തനങ്ങൾ നടത്തുന്നത്. മിതമായ കൈകാര്യച്ചെലവ് മാത്രം എടുത്തുകൊണ്ട് മറ്റു വ്യവസായ സ്ഥാപനങ്ങൾക്കും ബോർഡ് കശുവണ്ടി ലഭ്യമാക്കുന്നുണ്ട്. കശുവണ്ടി വിതരണം ചെയ്യുന്നതിലൂടെ ലഭിക്കുന്ന തുക കാഷ്യു ബോർഡിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കും.



## മെഡിക്കൽ പിജി: പ്രൊഫൈൽ പരിശോധിക്കാൻ അവസരം

**തിരുവനന്തപുരം:** കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളജുകളിലും, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും, സ്വാശ്രയ മെഡിക്കൽ കോളജുകളിലും ലഭ്യമായ സീറ്റുകളിൽ 202324അധ്യയന വർഷത്തെ വിവിധ പി.ജി മെഡിക്കൽ കോഴ്സുകളിലേയ്കുള്ള പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്ക് അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുമുള്ള സൗകര്യം ഓഗസ്റ്റ് മൂന്നിന് വൈകിട്ട് അഞ്ചു വരെ ംംം.രലല.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

PG Medical-2023, Candidate Portal' എന്ന ലിങ്കിൽ അപേക്ഷാ നമ്പരും, പാസ് വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകും. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം ഹോം പേജിലെ emo Details എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ എന്നിവ ഓൺലൈനായി അപ്ലോഡ് ചെയ്യണം. അനുബന്ധ രേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ : 0471 2525300.

## സി.എ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾകേരള മുഖാന്തിരം തെരെഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സ് ഒൻപതാം ബാച്ചിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി./തത്തുല്യ യോഗ്യതയുള്ള ആർക്കും പ്രായപരിധിയില്ലാതെ അപേക്ഷിക്കാവുന്നതാണ്. 2023 ജൂലൈ 27 മുതൽ www.scole.kerala.gov.org വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പിഴ കൂടാതെ 2023 ആഗസ്റ്റ് 21 വരെയും 60 രൂപ പിഴയോടെ 2023 ഒക്ടോബർ 1 വരെയും ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാം. വിദ്യാർഥികൾ ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ എക്സിക്യൂട്ടിവ് ഡയറക്ടർ, സ്കോൾ കേരള, വിദ്യാഭവൻ, പൂജപ്പുര പി. ഒ., തിരുവനന്തപുരം 12 എന്ന വിലാസത്തിൽ സ്പീഡ്/രജിസ്ട്രേഡ് തപാൽ മാർഗം എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സ്കോൾ കേരള വെബ്സൈറ്റ് സന്ദർശിക്കുക. 0471 2342950, 2342271, 2342369 എന്നീ നമ്പറുകളിൽ നിന്നും വിവരങ്ങൾ ലഭ്യമാണ്.



# എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥിളെ ആദരിച്ചു

**കൊച്ചി:** എസ് എസ്എൽസി പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ കളക്ടറേറ്റ് ജീവനക്കാരുടെ കുട്ടികളെ കളക്ടറേറ്റ് സ്റ്റാഫ് കൗൺസലിന്റെ നേതൃത്വത്തിൽ ആദരിച്ചു. ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷ് വിദ്യാർത്ഥികൾക്ക് ഉപഹാരം കൈമാറി.പഠനകാലത്തെ രസകരമായ അനുഭവങ്ങൾ കളക്ടർ കുട്ടികളുമായി പങ്കുവെച്ചു.

സിവിൽ സർവീസ് പരീക്ഷ എഴുതാൻ തിരുമാനിച്ച സാഹചര്യവും അതിനായി നടത്തിയ പരിശ്രമങ്ങളും പഠിക്കേണ്ട രീതികളും വ്യക്തമാക്കി. എന്നും പുതിയ കാര്യങ്ങൾ പഠിക്കാൻ ശ്രമിക്കണം. അവസരങ്ങളെ കൃത്യമായി ഉപയോഗിക്കണം. എങ്ങനെ പഠിക്കണം എന്തിനു പഠിക്കണം എന്ന ബോധത്തോടെ ആയിരിക്കണം പഠിക്കേണ്ടത്. സ്വപ്നങ്ങൾ കാണുകയും കാണുന്ന സ്വപ്നങ്ങൾ നേടിയെടുക്കുന്നതിന് പരിശ്രമിക്കുകയും ചെയ്യണമെന്നും കളക്ടർ പറഞ്ഞു. വിജയം നേടിയ വിദ്യാർത്ഥികളെയും പരിപാടി സംഘടിപ്പിച്ച സ്റ്റാഫ് കൗൺസിലിനെ കളക്ടർ അഭിനന്ദിച്ചു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി കളക്ടർമാരായ ഉഷാ ബിന്ദുമോൾ, വി.ഇ അബ്ബാസ്, ഹുസൂർ ശിരസ്തദാർ ബി. അനിൽ കുമാർ മേനോൻ, സീനിയർ സൂപ്രണ്ട് ബിന്ദു രാജൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# ഖരമാലിന്യ രൂപരേഖ തയ്യാറാക്കാൻ ഏലൂർ നഗരസഭയിൽ യോഗം ചേർന്നു

**കൊച്ചി:** കേരള ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ഖരമാലിന്യ പരിപാലന രൂപരേഖ തയ്യാറാക്കുന്നതിന് എലൂർ നഗരസഭാതല കൂടിയാലോചനാ യോഗം ചേർന്നു. ഏലൂർ നഗരസഭ പാതാളം ടൗൺ ഹാളിൽ ചേർന്ന നഗര സഭ ചെയർമാൻ എ ഡി സുജിൽ ഉദ്ഘാടനം നിർവഹിച്ചു.

നഗരസഭയുടെ നിലവിലുള്ള ഖരമാലിന്യ പരിപാലന പ്രവർത്തനങ്ങളിലുള്ള പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിനും, മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുമായി ദീർഘ കാല സമഗ്ര ഖര മാലിന്യ രൂപ രേഖ തയ്യാറാക്കാൻ യോഗത്തിൽ തീരുമാനമായി. സർക്കാർ നിർദേശപ്രകാരം കേരള ഖര മാലിന്യ പരിപാലന പദ്ധതി നിയമിക്കുന്ന വിദഗ്ധർ ആയിരിക്കും രൂപരേഖ തയ്യാറാക്കുക. നഗരസഭക്കു അടുത്ത 25 വർഷത്തേക്കുള്ള മാലിന്യ പരിപാല രൂപരേഖ തയ്യാറാക്കുക എന്നതാണ് ഉദ്ദേശം.യോഗത്തിൽ പങ്കെടുത്തവർ നാല് ഗ്രൂപ്പുകളായി തിരിഞ്ഞുള്ള ചർച്ചക്ക് ശേഷം നിർദേശങ്ങൾ നൽകി. കേരള ഖര മാലിന്യ പരിപാലന പദ്ധതി നിയമിച്ചിട്ടുള്ള വിദഗ്ധർ ഈ നിർദേശങ്ങൾ ക്രോഡീകരിച്ച് സമഗ്രമായ പ്ലാൻ തയ്യാറാക്കും. വിവിധ സർക്കാർ പദ്ധതികളിലെ ഫണ്ടുകൾ സംയോജിപ്പിച്ചായിരിക്കും രൂപരേഖ പ്രാവർത്തികമാക്കുന്നത്.വൈസ് ചെയർമാൻ ലീല ബാബു ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി എ ഷെരീഫ്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ അംബിക ചന്ദ്രൻ, പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ദിവ്യ നോബി, സെക്രട്ടറി പി ബി കൃഷ്ണകുമാരി, നഗരസഭ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എഞ്ചിനീയർ പി എസ് മുഹമ്മദ് ഉവൈസ്, കേരള ഖര മാലിന്യ പരിപാലന പദ്ധതി ജില്ല ഉദ്യോഗസ്ഥരായുള്ള എസ് വിനു, പി വി അനൂപ്, ധന്യ പ്രഭാകർ, ദീപ്തി, വിബിത എന്നിവർ നേതൃത്വം നൽകി. കൗൺസിലർമാർ, ആശ വർക്കർമാർ, മർച്ചന്റ് അസോസിയേഷൻ ഭാരവാഹികൾ, സ്കൂളുകൾ, റെസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, ഹരിത കർമസേന, കില, നഗരസഭ ആരോഗ്യ വിഭാഗം, പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥർ,ടെക്നിക്കൽ കൺസൾറ്റന്റ്സ് എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്തു.

## പിആർഡി ഫോട്ടോഗ്രാഫർ പാനൽ: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ് തിരുവനന്തപുരം ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ ഫോട്ടോഗ്രാഫർമാരുടെ പാനൽ തയ്യാറാക്കുന്നതിന് ഫോട്ടോഗ്രാഫർമാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ ജില്ലയിൽ സ്ഥിര താമസക്കാരായിരിക്കണം. ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പിൽ കരാർ ഫോട്ടാഗ്രാഫർമാരായി സേവനമനുഷ്ഠിച്ചവർക്കും പത്രസ്ഥാപനങ്ങളിൽ ഫോട്ടോഗ്രാഫർമാരായി സേവനമനുഷ്ഠിച്ചവർക്കും മുൻഗണന. അപേക്ഷകർ ക്രിമിനൽ കേസുകളിൽപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തവരായിരിക്കരുത്. ഡിജിറ്റൽ എസ് എൽ ആർ/മിറർലെസ് ക്യാമറകൾ ഉപയോഗിച്ച് ഹൈ റെസല്യൂഷൻ ചിത്രങ്ങൾ എടുക്കുവാൻ കഴിവുള്ളവരായിരിക്കണം.

വൈഫൈ സംവിധാനമുള്ള ക്യാമറകൾ കൈവശമുള്ളവർക്ക് മുൻഗണന. അപേക്ഷകരുടെ പേര്, വിലാസം, ഫോൺ നമ്പർ, ഇമെയിൽ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ രേഖപ്പെടുത്തിയ ബയോഡാറ്റയും സ്വന്തമായുള്ള ക്യാമറയുടെ വിവരങ്ങളും സഹിതം ആഗസ്റ്റ് 10 വ്യാഴാഴ്ച വൈകീട്ട് അഞ്ച് മണിക്ക് മുമ്പായി തിരുവനന്തപുരം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നേരിട്ടോ ഇമെയിൽ വഴിയോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഫോൺ: 0471 2731300, ഇമെയിൽ: careersdiotvm@gmail.com .

## ഡി.സി.എ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾ കേരള മുഖാന്തിരം തെരെഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സ് ഒൻപതാം ബാച്ചിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

എസ്.എസ്.എൽ.സി./തത്തുല്യ യോഗ്യതയുള്ള ആർക്കും പ്രായപരിധിയില്ലാതെ അപേക്ഷിക്കാവുന്നതാണ്. 2023 ജൂലൈ 27 മുതൽ ംംം.രെീഹല.സലൃമഹമ.ഴീ.്യൃഴ വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

പിഴ കൂടാതെ 2023 ആഗസ്റ്റ് 21 വരെയും 60 രൂപ പിഴയോടെ 2023 ഒക്ടോബർ 1 വരെയും ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാം. വിദ്യാർഥികൾ ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ എക്സിക്യൂട്ടിവ് ഡയറക്ടർ, സ്കോൾ കേരള, വിദ്യാഭവൻ, പൂജപ്പുര പി. ഒ., തിരുവനന്തപുരം 12 എന്ന വിലാസത്തിൽ സ്പീഡ്/രജിസ്ട്രേഡ് തപാൽ മാർഗം എത്തിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് സ്കോൾ കേരള വെബ്സൈറ്റ് സന്ദർശിക്കുക. 0471 2342950, 2342271, 2342369 എന്നീ നമ്പറുകളിൽ നിന്നും വിവരങ്ങൾ ലഭ്യമാണ്.

# ക്യാപ്റ്റൻ മില്ലർ

## ധനുഷിന്റെ ഈ വർഷത്തെ ഏറ്റവും പ്രതീക്ഷയുള്ള ചിത്രം

ധനുഷിന്റെ ഈ വർഷത്തെ ഏറ്റവും പ്രതീക്ഷയുള്ള ചിത്രം ക്യാപ്റ്റൻ മില്ലറിന്റെ ടീസർ താരത്തിന്റെ പിറന്നാൾ ദിനത്തിൽ റിലീസ് ചെയ്തു. ധനുഷിന്റെ 47മത് ചിത്രമായ ക്യാപ്റ്റൻ മില്ലറിൽ വിപ്ലവ നായകനായി മുഖ്യ കഥാപാത്രത്തെ അവതരിപ്പിക്കുന്നു.

മാൻ ബണ്ണും താടിയും മനോഹരമായി നീട്ടി വളർത്തിയ മുടിയുമായി പുതിയ ലുക്കിലാണ് ധനുഷ് . ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടത്തിന്റെ തീപ്പൊരി മിന്നിക്കുന്ന ടീസർ സോഷ്യൽ മീഡിയയിൽ ആളിപ്പടരുകയാണ്. ഈ വർഷം ഡിസംബർ 15 ന് ക്യാപ്റ്റൻ മില്ലർ തിയേറ്ററുകളിലേക്കെത്തും.

അരുൺ മാതേശ്വരൻ തിരക്കഥയൊരുക്കി സംവിധാനം ചെയ്യുന്ന ചിത്രം ധനുഷിന്റെ കരിയറിലെ ഏറ്റവും വലിയ ചിത്രങ്ങളിലൊന്നാണ്. സത്യജ്യോതി ബാനറിൽ ടി ജി നാഗരാജൻ അവതരിപ്പിക്കുന്ന ചിത്രം പ്രൊഡ്യൂസ് ചെയ്യുന്നത് സെന്തിൽ ത്യാഗരാജനും അർജുൻ ത്യാഗരാജനുമാണ്. ആനുകാലിക ആക്ഷൻ ഡ്രാമയായി ഒരുങ്ങുന്ന ചിത്രത്തിൽ ധനുഷിനൊപ്പം പ്രിയങ്ക അരുൾ മോഹൻ, ശിവ് രാജ് കുമാർ, സുന്ദീപ് കിഷൻ, ജോൺ കൊക്കെൻ, നിവേദിത സതീഷ് എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ഡി ഓ പി സിദ്ധാർത്ഥ നൂനി, സ്റ്റണ്ട് ദിലീപ് സുബ്ബരായൻ, എഡിറ്റർ നാഗൂരൻ രാമചന്ദ്രൻ എന്നിവരാണ്. മദൻ കർക്കിയാണ് സംഭാഷണം എഴുതിയിരിക്കുന്നത്. ജി.വി. പ്രകാശ് കുമാർ സം?ഗീത സംവിധാനവും സൗണ്ട് മിക്സിങ് രാജാകൃഷ്ണനുമാണ് . ധനുഷിന്റെ പിറന്നാൾ ആഘോഷത്തിന് തുടക്കം കുറിച്ച് റിലീസ് കൊലകൊല്ലി ടീസർ യൂട്യൂബിൽ മണിക്കൂറുകൾക്കുള്ളിൽ അഞ്ചു മില്യൺ റിയൽ വ്യൂസ് കഴിഞ്ഞു തരംഗമാകുകയാണ്. പി ആർ ഓ പ്രതീഷ് ശേഖർ.Link: https://youtu.be/bSkOF-mEbUU



# ലക്കി ഭാസ്കർ ദുൽഖർ സൽമാൻ നായകൻ




സിത്താര എന്റെർറ്റൈൻമെന്റ്സ് ദുൽഖർ സൽമാനെ നായകനാക്കി ഒരുക്കുന്ന പാൻ ഇന്ത്യൻ ചിത്രത്തിന്റെ ടൈറ്റിൽ പ്രഖ്യാപിച്ചു. ലക്കി ഭാസ്കർ എന്നാണ് ചിത്രത്തിന് പേര് നൽകിയിരിക്കുന്നത്.

പാൻ ഇന്ത്യൻ ചിത്രം സീതാരാമത്തിന്റെ വൻ വിജയത്തിന് ശേഷം ദുൽഖർ സൽമാനും വെങ്കി അറ്റ്ലൂരി ധനുഷ് ബ്ലോക്ക്ബസ്റ്റർ ചിത്രം വാത്തിക്ക് ശേഷം ഒരുമിക്കുന്ന ചിത്രമാണ്.സൂര്യദേവര നാഗ വംശിയും സായ് സൗജന്യയും ചേർന്ന് സിത്താര എന്റർടെയ്ൻമെന്റ്സിന്റെയും ഫോർച്യൂൺ ഫോർ സിനിമാസിന്റെയും ബാനറുകളിൽ ആണ് ലക്കി ഭാസ്കറിന്റെ നിർമ്മാണം. ശ്രീകര സ്റ്റുഡിയോസാണ് ചിത്രം അവതരിപ്പിക്കുന്നത്.

ദുൽഖർ സൽമാന്റെ ബിഗ് ബഡ്ജറ്റ് ചിത്രം വെങ്കി അറ്റ്ലൂരി സംവിധാനത്തിലെത്തുമ്പോൾ പ്രേക്ഷകർക്ക് വൻ പ്രതീക്ഷയാണുള്ളത്.നിർമ്മാതാക്കൾ സിനിമയേക്കുറിച്ചു പങ്കുവച്ച വാക്കുകൾ ഇപ്രകാരമാണ് അവിശ്വസനീയമായ ഉയരങ്ങളിലേക്കുള്ള ഒരു സാധാരണ മനുഷ്യന്റെ കയറ്റം!. ഈ ക്രിയാത്മക സഹകരണത്തിന്റെ പ്രേരണ പ്രധാനമായും സിനിമാ പ്രേമികൾക്ക് തിയേറ്ററുകളിൽ മികച്ച അനുഭവം സൃഷ്ടിക്കുന്നതിലാണ്, നിർമ്മാതാക്കൾ പറഞ്ഞു.ദേശീയ അവാർഡ് ജേതാവ് വാത്തിക്ക് വേണ്ടി ചാർട്ട്ബസ്റ്റർ ആൽബം ഒരുക്കിയ ജിവി പ്രകാശ് കുമാറാണ് ചിത്രത്തിന് സംഗീതം ഒരുക്കുന്നത്. മറ്റൊരു ദേശീയ അവാർഡ് ജേതാവായ നവീൻ നൂലി എഡിറ്റിംഗ് കൈകാര്യം ചെയ്യുന്നു. കൂടുതൽ വിശദാംശങ്ങൾ നിർമ്മാതാക്കൾ ഉടൻ പ്രഖ്യാപിക്കും.ചിത്രത്തിന്റെ അണിയറപ്രവർത്തകർ ഇവരാണ്.രചനയും സംവിധാനവും: വെങ്കി അറ്റ്ലൂരി, സംഗീതം: ജി വി പ്രകാശ് കുമാർ, എഡിറ്റർ: നവീൻ നൂലി, കലാസംവിധാനം: വിനീഷ് ബംഗ്ലാൻ, പി ആർ ഓ പ്രതീഷ് ശേഖർ.

# നിവിൻ പോളി നായകൻ

# രാമചന്ദ്ര ബോസ് ആൻഡ് കോ



നിവിൻ പോളിയെ നായകനാക്കി ഹനീഫ് അദേനി തിരക്കഥയും സംവിധാനവും നിർവഹിക്കുന്ന രാമചന്ദ്രബോസ് ആൻഡ് കോ ഫസ്റ്റ് ലുക്ക് പുറത്തിറങ്ങി. സ്റ്റൈലിഷ് ലുക്കിലാണ് നിവിൻ പോളി പോസ്റ്ററിൽ പ്രത്യക്ഷപ്പെടുന്നത്.

കൂടെ പ്രേക്ഷകരുടെ പ്രിയ താരങ്ങളും അണിനിരക്കുന്നുണ്ട്. എ പ്രവാസി ഹൈസ്റ്റ് എന്ന ടാഗ്‌ലൈനോട് കൂടിയാണ് ചിത്രം എത്തുന്നത്. മോഷണത്തിന്റെ കഥയാണ് ചിത്രം പറയുന്നത് എന്നാണ് സൂചനകൾ.

യുഎഇയിലും കേരളത്തിലുമായാണ് ചിത്രത്തിന്റെ ഷൂട്ടിങ് നടന്നത്. വളരെയധികം ആകാംക്ഷയോടെ ആരാധകർ കാത്തിരിക്കുന്ന ചിത്രം കൂടിയാണ് ഇത്. മാജിക് ഫ്രെയിംസും പോളി ജൂനിയർ പിക്ചേഴ്സും ചേർന്നാണ് രാമചന്ദ്ര ബോസ് ആൻഡ് കോ നിർമ്മിക്കുന്നത്.

നിവിൻ പോളിക്ക് ഒപ്പം ജാഫർ ഇടുക്കി, വിനയ് ഫോർട്ട്, വിജിലേഷ്, മമിത ബൈജു, ആർഷ ബൈജു തുടങ്ങിയവരും ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.

വിഷ്ണു തണ്ടാശേരിയാണ് ചിത്രത്തിനായി കാമറ ചലിപ്പിക്കുന്നത്. പ്രൊഡക്ഷൻ ഡിസൈൻ സന്തോഷ് രാമൻ, എഡിറ്റിങ് നിഷാദ് യൂസഫ്, മ്യൂസിക് മിഥുൻ മുകുന്ദൻ, ലിറിക്സ് സുഹൈൽ കോയ. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ പ്രവീൺ പ്രകാശൻ, ലൈൻ പ്രൊഡ്യൂസേഴ്സ് സന്തോഷ് കൃഷ്ണൻ, ഹാരിസ് ദേശം, ലൈൻ പ്രൊഡക്ഷൻ റഹീം പി എം കെ, മേക്കപ്പ് ലിബിൻ മോഹനൻ, കോസ്റ്റ്യൂം മെൽവി ജെ, ജുനൈദ് മുഹമ്മദ്, സൗണ്ട് ഡിസൈൻ രംഗനാഥ് രാജീവ്, പ്രൊഡക്ഷൻ കൺട്രോളർ റിനി ദിവാകർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ സമന്തക് പ്രദീപ്, കൊറിയോഗ്രഫർ ഷോബി പോൾരാജ്, ആക്ഷൻ ഫീനിക്സ് പ്രഭു, ജി മുരളി, കനൽ കണ്ണൻ, ഫിനാൻസ് കൺട്രോളർ അഗ്നിവേഷ്, പ്രൊഡക്ഷൻ ഇൻ ചാർജ് ബിമീഷ് വരാപ്പുഴ, വിഎഫ്എക്സ് പ്രോമിസ്, അഡ്മിനിസ്ട്രേഷൻഡിസ്ട്രിബ്യൂഷൻ ഹെഡ് ബബിൻ ബാബു, സ്റ്റിൽസ് അരുൺ കിരണം, പ്രശാന്ത് കെ. പ്രസാദ്, ഡിസൈൻസ് കോളിൻസ് ലിയോഫിൽ, ഡിജിറ്റൽ മാർക്കറ്റിംഗ് അനൂപ് സുന്ദരൻ, മാർക്കറ്റിങ് ബിനു ബ്രിംഗ് ഫോർത്ത്, പിആർഓ ശബരി.

# സാന്റമോണിക്കയ്ക്ക് ഏഷ്യൻ റെക്കോർഡ്

## ഒറ്റ ഇൻടേക്കിൽ, ഒറ്റ രാജ്യത്തേക്ക്, ഒരു രാജ്യത്തു നിന്ന് 7236 വിദ്യാർത്ഥികൾ ഏറ്റവും വലിയ പ്രീ ഡിപാർച്ചർ ബ്രീഫിങ്ങ് ഒരുക്കി സാന്റമോണിക്ക സ്റ്റഡി എബ്രോഡ് ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിലും, ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിലും ഇടം നേടി

**കൊച്ചി :** വിദേശ വിദ്യാഭ്യാസത്തിന് വിദ്യാർത്ഥികളെ സഹായിക്കുന്ന രാജ്യത്തെ മുൻനിര സ്ഥാപനങ്ങളിലൊന്നായ സാന്റമോണിക്ക സ്റ്റഡി എബ്രോഡ് ഒറ്റ തവണയായി 7236 വിദ്യാർത്ഥികളെ കാനഡയിലേക്ക് അയച്ച് ചരിത്രം കുറിച്ചു. സെപ്റ്റംബർ ഇൻടേക്കിലേക്ക് ഇത്രയും സ്റ്റുഡന്റ് വിസകൾക്ക് അപ്രൂവലുകൾ ലഭിച്ചു.

ഇന്ത്യയിൽ നിന്നും കാനഡയിലേയ്ക്ക് ഒറ്റത്തവണയായി ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ ഉപരിപഠനത്തിന് അയക്കുന്നത് ഒരു ഏഷ്യൻ റെക്കോർഡ് ആണ്. കാനഡയിലേക്ക് പോകുന്നതിന് മുമ്പായി ഒരുക്കിയ പ്രീ ഡിപാർച്ചർ ബ്രീഫിങ്ങ് ഇത്തരത്തിലുള്ള ഏറ്റവും വലിയ ഇവന്റ് എന്ന നിലയിൽ ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സ്, ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സ് എന്നിവയിൽ ഇടം പിടിച്ചു. രണ്ട് റെക്കോർഡ് ബുക്കുകളുടെയും പ്രതിനിധികൾ എറണാകുളം രാജിവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തിയ ഇവന്റ് വിലയിരുത്തലിനായി എത്തിയിരുന്നു.

ഏഷ്യ ബുക്ക് ഓഫ് റെക്കോഡ്സ് അഡ്ജൂഡിക്കേറ്റർ വിവേക് നായർ റെക്കോർഡ് സ്ഥാപിച്ചതായി പ്രഖ്യാപിച്ചു. അഡ്ജൂഡിക്കേറ്റർ ജസ്പ്രീത് കൗർ ഗാന്ധി റെക്കോർഡ് രേഖകൾ കൈമാറി. സാന്റമോണിക്ക സ്റ്റഡി എബ്രോഡ് സിഎംഡി ഡെന്നി തോമസ് വട്ടക്കുന്നേൽ രേഖകൾ ഏറ്റുവാങ്ങി. 5000ൽ അധികം വിദ്യാർത്ഥികൾ പങ്കെടുത്ത നിരവധി പ്രീ ഡിപാർച്ചർ ബ്രീഫിങ്ങുകൾ സാന്റമോണിക്ക സ്റ്റഡി എബ്രോഡ് സംഘടിപ്പിച്ചിട്ടുണ്ട്. റെക്കോർഡ് മേക്കിങ് ഇവന്റ് ആദ്യമായാണ്.

യുഎസിലെ മുൻ ഇന്ത്യൻ അംബാസഡർ ശ്രീ. ടി പി ശ്രീനിവാസൻ, മുൻ കേരള ഡിജിപി ഡോ. അലക്സാണ്ടർ ജേക്കബ് ഐപിഎസ്, മുൻ ഹരിയാന അഡീ. ചീഫ് സെക്രട്ടറി ഡോ. ജി. പ്രസന്നകുമാർ ഐഎഎസ്, കേരള മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എം. പി. ജോസഫ് ഐഎഎസ്, എംജി, കണ്ണൂർ സർവകലാശാലകളുടെ മുൻ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു റെക്കോർഡ് മേക്കിങ്ങ് ഇവന്റ്. സാന്റമോണിക്ക സ്റ്റഡി എബ്രോഡ് ഡയറക്ടർ നൈസി ബിനു, സിഇഒ തനുജ നായർ, സാന്റമോണിക്ക ടൂർസ് ആന്റ് ട്രാവൽസ് ഡയറക്ടർ ഐസക് ഫ്രാൻസിസ്, വേദിക് ഐഎഎസ് അക്കാദമി സിഇഒ ജെയിംസ് മറ്റം എന്നിവർ ചടങ്ങിൽ പങ്കെടുത്തു.ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ വിദേശ വിദ്യാഭ്യാസത്തിന് സഹായിക്കുന്ന സ്ഥാപനമാണ് സാന്റമോണിക്ക സ്റ്റഡി എബ്രോഡ്.



ഒറ്റത്തവണയായി ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ ഉപരിപഠനത്തിന് ഇന്ത്യയിൽ നിന്നും കാനഡയിലേയ്ക്ക് അയക്കുന്നതിലൂടെ ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം പിടച്ചതിന്റെ രേഖകളുമായി സാന്റമോണിക്ക സ്റ്റഡി എബ്രോഡ് സിഎംഡി ഡെന്നി തോമസ് വട്ടക്കുന്നേൽ പ്രീ ഡിപാർച്ചർ ബ്രീഫിങ്ങിന് എത്തിയ കുട്ടികളോടൊപ്പം.

# മാലിന്യ സംസ്കരണത്തിന് സമഗ്ര രൂപരേഖയുമായി മരട്

**കൊച്ചി:** മരട് നഗരസഭയുടെ നിലവിലുള്ള ഖരമാലിന്യ പരിപാലന പ്രവർത്തനങ്ങളിലുള്ള പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിനും, മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുമായി ദീർഘകാല സമഗ്ര ഖര മാലിന്യ രൂപ രേഖ തയ്യാറാക്കുന്നു. സർക്കാർ നിർദേശപ്രകാരം കേരള ഖര മാലിന്യ പരിപാലന പദ്ധതി നിയമിക്കുന്ന വിദഗ്ദർ ആയിരിക്കും രൂപരേഖ തയ്യാറാക്കുക. ആദ്യപടിയായി പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങൾ ശേഖരിക്കുവാനായി പൊതു കൂടിയാലോചന യോഗം ചേർന്നു. നഗരസഭയുടെ അടുത്ത 25 വർഷത്തേക്കുള്ള മാലിന്യ പരിപാലിന് രൂപരേഖ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെയാണ് യോഗം ചേർന്നത്.കുണ്ടന്നൂർ പെട്രോ ഹൗസിൽ ചേർന്ന യോഗം കെ ബാബു എംഎൽഎ ഉദ്ഘാടനം ചെയ്തു. നഗരസഭ ചെയർമാൻ ആന്റണി ആശാൻപറമ്പിൽ അധ്യക്ഷത വഹിച്ചു. കേരള ഖര മാലിന്യ സംസ്കരണ പദ്ധതി ഡെപ്യൂട്ടി ഡിസ്ട്രിക്ട് കോഓഡിനേറ്റർ ധന്യ ശശിധരൻ പ്രോജക്ടിനെ കുറിച്ചുള്ള വിശദീകരണം നടത്തി. കെ എസ് ഡബ്ലിയു എംപി എഞ്ചിനീയർ ആര്യ പി പുരുഷോത്തമൻ, നഗരസഭയുടെ നിലവിലെ അവസ്ഥ വിശദീകരിച്ചു. മൂന്ന് ഗ്രൂപ്പ് ആയി തിരിഞ്ഞു ചർച്ച നടത്തി റിപ്പോർട്ട് അവതരിപ്പിച്ചു. നഗരസഭ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ പി ടി രാജേഷ്, ചന്ദ്ര കലാധരൻ, അജിതാനന്ദകുമാർ, മിനി ഷാജി, നഗരസഭ സെക്രട്ടറി ഇ നാസിം എന്നിവർ സംസാരിച്ചു.

കൗൺസിലർമാർ, ആശ വർക്കർമാർ, മർച്ചന്റ് അസോസിയേഷൻ ഭാരവാഹികൾ, സ്കൂളുകൾ, റെസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, ഹരിതകർമ സേന, കില, നഗരസഭ ആരോഗ്യ വിഭാഗം, ടെക്നിക്കൽ കൺസൾറ്റന്റ്സ് എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്തു.



## തിരുവനന്തപുരത്ത് സമഗ്ര ഗതാഗത പദ്ധതി നടപ്പാക്കും: മന്ത്രി വി. ശിവൻകുട്ടി

**തിരുവനന്തപുരം:** തിരുവനന്തപുരത്ത് നൂതനവും സമഗ്രവുമായ ഗതാഗത പദ്ധതി നടപ്പിലാക്കുമെന്നു പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. കേരള മെട്രോ റെയിൽ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തിനായി തയാറാക്കിയ സമഗ്ര മൊബിലിറ്റി പദ്ധതിയുടെ(സി.എം.പി.) കരട് ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിൽ അധ്യക്ഷതവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗതാഗത മന്ത്രി ആന്റണി രാജു, ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

നഗരത്തിന്റെ ഗതാഗത വികസനത്തിന് മോണോ റെയിൽ, മെട്രോ റെയിൽ, മൾട്ടി ലെവൽ പാർക്കിങ് സൗകര്യങ്ങൾ തുടങ്ങിയവയുടെ സാധ്യതകൾ പരിശോധിക്കണമെന്നു മന്ത്രി പറഞ്ഞു. തിരുവനന്തപുരം കോർപ്പറേഷൻ, നെയ്യാറ്റിൻകര നഗരസഭ, എട്ടു ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിലാണു സമഗ്ര ഗതാഗത പദ്ധതി ആദ്യ ഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

വനിതാ ശിശു സൗഹൃദ കോറിഡോർ, വിഴിഞ്ഞം പദ്ധതി, എയർപോർട്ട് എന്നിവിടങ്ങളുമായി ബന്ധിപ്പിച്ചുള്ള ഗതാഗത വികസനം, എലിവേറ്റഡ് ഹൈവേ, തിരുവനന്തപുരം, നേമം, കൊച്ചുവേളി റെയിൽവേ സ്റ്റേഷനുകളുടെ വികസനം എന്നിവയും സമഗ്ര ഗതാഗത പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാനും ചർച്ചയിൽ തീരുമാനമായി. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ, പദ്ധതിയുടെ കരട് അവതരണവും തുടർ ചർച്ചകളും സംഘടിപ്പിക്കാനും തീരുമാനിച്ചു. ചോദ്യോത്തര സെഷനും സംഘടിപ്പിച്ചിരുന്നു. കടകംപള്ളി സുരേന്ദ്രൻ, വി.കെ. പ്രശാന്ത്, ജില്ലാ കളക്ടർ ജെറോമിക് ജോർജ്, സിറ്റി പൊലീസ് കമ്മിഷണർ നാഗരാജു, കെ.എം.ആർ.എൽ പ്രൊജക്ട്സ് വിഭാഗം ഡയറക്ടർ എം.പി. റാംനവാസ്, ഡിസൈൻ വിഭാഗം ജനറൽ മാനേജർ അജിത് നായർ, തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# നിരത്തുകളിൽ നിയമം ലംഘിച്ചാൽ കർശന നടപടി




**കൊച്ചി:** റോഡുകളിലെ നിയമലംഘനങ്ങൾ ക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദേശം. ജില്ലാ വികസന സമതിയോഗത്തിലാണ് ഇതുസംബന്ധിച്ച തീരുമാനം. മൂവാറ്റുപുഴ നിർമ്മല കോളേജിന് മുമ്പിൽ നടന്ന വാഹനാപകടത്തിന് കാരണമായ സംഭവം ഒറ്റപ്പെട്ടതല്ലെന്ന് യോഗം വിലയിരുത്തി. പ്രത്യേകിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് വാഹനങ്ങൾ അമിത വേഗതയിൽ ഓടിക്കുന്നതും റോഡിൽ റേസിംഗ് ട്രാക്കിലേപ്പോലെ അഭ്യാസപ്രകടനങ്ങൾ നടത്തുന്നതും പതിവ് പ്രവണതയായി മാറിയിട്ടു്. അപകടങ്ങൾ വിളിച്ചു വരുത്തുന്ന ഇത്തരം പ്രവർത്തികൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും യോഗം വിലയിരുത്തി. മോട്ടോർ വാഹനവകുപ്പ് മഫ്തിയിൽ പരിശോധനകൾ ആരംഭിച്ചിട്ടു് എന്നും വരുംദിവസങ്ങളിൽ പരിശോധനകൾ കൂടുതൽ വ്യാപകമാക്കുമെന്നും മോട്ടോർ വാഹന വകുപ്പ് അറിയിച്ചു. പോലീസിന്റെ ഭാഗത്ത് നിന്നും കൂടുതൽ ഇടപെടൽ ഉാകും. സീബ്രാ ലൈനുകൾ ഇല്ലാത്ത സ്കൂളുകൾക്ക് മുമ്പിൽ അടിയന്തരമായി അവ സ്ഥാപിക്കാനുള്ള നടപടിയെടുക്കണം. ആവശ്യമായ ഇടങ്ങളിൽഹോം ഗാർഡുകളുടെ സേവനം ഉറപ്പാക്കാനും ബന്ധപ്പെട്ട വകുപ്പുകൾക്ക് യോഗം നിർദേശം നൽകി.പാതയോരങ്ങളിൽ അപടകഭീഷണി ഉയർത്തി നിൽക്കുന്ന മരങ്ങൾ മുറിച്ചു നീക്കുന്ന നടപടി കൂടുതൽ വേഗത്തിലാക്കാനും ഇക്കാര്യത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണമെന്നും യോഗം വിലയിരുത്തി. വന്യമൃഗ ശല്യം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആന്റണി ജോൺ എം.എൽ.എ ആവശ്യപ്പെട്ടു. കോട്ടപ്പടി, പ്ലാമുടി, നീപാറ, വാവേലി, കുട്ടമ്പുഴ, വടാട്ടുപാറ തുടങ്ങിയ വനാതിർത്തികളിലെല്ലാം കാട്ടാനകളുടെ ആക്രമണം പതിവായിട്ടു്. കഴിഞ്ഞദിവസം പ്ലാമുടിയിൽ ആന വീട് ആക്രമിച്ചിരുന്നു. ഹാങ്ങിംങ് ഫെൻസിംഗുകൾ സ്ഥാപിക്കാനുള്ള നടപടികൾ വേഗത്തിലാക്കണം. ജനവാസ മേഖലയോട് ചേർന്ന് അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്ന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണം. പന്തപ്ര കോളനി നിവാസികളെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ വേഗത്തിലാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കൊച്ചി മധുര ദേശീയപാത വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നേര്യമംഗലം ഭാഗത്തെ താമസക്കാരുടെ ആശങ്കകൾ കൂടി കണക്കിലെടുക്കണ മെന്നും അദ്ദേഹം പറഞ്ഞു. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പി.വി ശ്രീനിജിൻ എം.എൽ.എ പറഞ്ഞു. പൂതൃക്ക ഗവ. ഹൈസ്കൂളിലെ പുതിയ കെട്ടിട നിർമ്മാണം സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ നൽകണം. ചൂീരാമമംഗലം റോഡിന്റെയും നെല്ലാട് കിഴക്കമ്പലം റോഡിന്റെയും നവീകരണം എത്രയും വേഗം പൂർത്തിയാക്കണം. തമ്മാനിമറ്റം തൂക്കുപാലം നിർമ്മാണവുമുമായി ബന്ധപ്പെട്ട നടപടികൾ വൈകരുത്. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പത്ത് ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. കിഴക്കമ്പലം ബസ് സ്റ്റാന്റ് ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ അടിയന്തര നടപടി വേണമെന്നും അദ്ദേഹം പറഞ്ഞു. ഭരണാനുമതി നൽകിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ പറഞ്ഞു. തീരദേശ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട സർവേ നടപടികൾ വേഗത്തിലാക്കണം. അണിയിൽ ബീച്ചിൽ അടിഞ്ഞു കൂടിയിരിക്കുന്ന മണൽ എത്രയും വേഗം നീക്കം ചെയ്യണം. പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തണം. എറണാകുളം ചിൽഡ്രൻസ് പാർക്കിലെ കുട്ടികളുടെ തീയേറ്റർ നവീകരിക്കേണ്ടതാണ്. നായരമ്പലം ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. മണ്ഡത്തിലെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹക്കണമെന്ന് ഉമ തോമസ് എം.എൽ.എ ആവശ്യപ്പെട്ടു. കാലപ്പഴക്കം ചെന്ന നിലവിലെ കുടിവെള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടിയുാകണം. അനധികൃതമായി വൈദ്യുത പോസ്റ്റുകളിൽ സ്ഥാപിച്ചിരിക്കുന്ന കേബിളുകൾ കൃത്യമായി നീക്കം ചെയ്യണം. പോസ്റ്റിൽ നിന്ന് നീക്കം ചെയ്ത കേബിളുകൾ ആ സ്ഥലത്ത് നിന്ന് മാറ്റുന്നു എന്ന് ഉറപ്പ് വരുത്തണം. കളക്ടറേറ്റിലെ ഗേറ്റുകൾക്ക് നമ്പർ നൽകുന്ന കാര്യം പരിഗണിക്കണം. ഇത് വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് ഏറെ ഗുണം ചെയ്യുമെന്നും അവർ പറഞ്ഞു. ജില്ലയിലെ ബോട്ടുകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു.ബോട്ട് അപകടങ്ങൾ ഒഴിവാക്കുന്നതിന്ദുരന്ത നിവാരണ അതോറിറ്റി യുടെ നേതൃത്വത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ എം.എൽ.എ മാരായ പി.വി ശ്രീനിജിൻ, ആന്റണി ജോൺ, കെ.എൻ ഉണ്ണികൃഷ്ണൻ, ഉമ തോമസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ, ജില്ലാ പ്ലാനിംഗ് ഓഫീസർ പി.എ ഫാത്തിമ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു

## കൊച്ചി നഗരപരിധിയിൽ ഓട്ടോമേറ്റഡ് വെതർ സ്റ്റേഷൻ നിർമ്മിക്കും

**കൊച്ചി:** കൊച്ചി നഗരപരിധിയിലെ വെള്ളപ്പൊക്ക മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ഓട്ടോമേറ്റഡ് വെതർ സ്റ്റേഷൻ സ്ഥാപിക്കാൻ തീരുമാനം. ജില്ലാ കളക്ടർ എൻ എസ്.കെ ഉമേഷിന്റെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിലാണ് തീരുമാനം.വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നത് വഴി മഴയുടെ അളവ് കൃത്യമായി രേഖപ്പെടുത്തുകയാണ് ലക്ഷ്യം. ദുരന്തമുഖത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി കൂടുതൽ ഉപകരണങ്ങൾ വാങ്ങുന്നതിനും യോഗത്തിൽ തീരുമാനമായി. ഓപ്പറേഷൻ ബ്രേക്ക് ത്രൂ, കടലാക്രമം തടയുന്നതിനായി തീരപ്രദേശങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ പുരോഗതി യോഗം വിലയിരുത്തി.അപകടകരമായ രീതിയിൽ പാതയോരങ്ങളിലും, സ്കൂളുകൾ, ബസ് സ്റ്റോപ്പുകൾ എന്നിവിടങ്ങളിലും നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റാൻ നടപടി സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന യോഗത്തിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ കെ.ഉഷാ ബിന്ദുമോൾ, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി ബാബു അബ്ദുൽ ഖാദർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## പത്തില കർക്കിടക ഫെസ്റ്റിന് തുടക്കം



**കൊച്ചി:** കർക്കിടക മാസത്തോടനുബന്ധിച്ച് കുടുംബശ്രീ എറണാകുളം ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന കർക്കിടക ഫെസ്റ്റ് 2023 ന് തുടക്കം. 'പത്തില' എന്ന പേരിൽ കാക്കനാട് സിവിൽ സ്റ്റേഷനിൽ പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന മേള ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷ് ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ പ്രവർത്തകർ തയ്യാറാക്കുന്ന കർക്കിടക കഞ്ഞിയാണ് ഓഗസ്റ്റ് അഞ്ച് വരെ നീു നിൽക്കുന്ന ഫെസ്റ്റിന്റെ മുഖ്യ ആകർഷണം. മത്തൻ, കുമ്പളം, പയർ, മുക്കൂറ്റി, തഴുതാമ, തുടങ്ങി പത്ത് തരം ഇലകൾ കൊുാക്കിയ തോരനും കഞ്ഞിക്കൊപ്പം കഴിക്കാം.വിവിധ തരം പായസങ്ങളും ജ്യൂസുകളും ഫെസ്റ്റിൽ ഒരുക്കിയിട്ടു്. ഇതിന് പുറമെ കുടുംബശ്രീ പ്രവർത്തകർ തയ്യാറാക്കിയ വിവിധ തരം ഉൽപ്പന്നങ്ങളും ഭക്ഷ്യ വസ്തുക്കളുമെല്ലാം ഫെസ്റ്റിൽ ലഭ്യമാണ്.ഉദ്ഘാടന ശേഷം മേളയിൽ നിന്ന് പായസം കഴിച്ച ശേഷമാണ് ജില്ലാ കളക്ടർ മടങ്ങിയത്.

## ഓണാഘോഷം 2023 കലാപരിപാടികൾക്കുള്ള അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന വിനോദ സഞ്ചാര വകുപ്പിൻറെ ആഭിമുഖ്യത്തിൽ ജില്ലാ ഭരണകൂടവും ഡിറ്റിപിസിയും സംയുക്തമായി സംഘടിപ്പിക്കുന്ന ഓണാഘോഷത്തോടനുബന്ധിച്ച് വിവിധ കലാ സാംസ്ക്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിന് താത്പര്യമുള്ള കലാകാരൻമാർ, കലാസംഘടനകൾ, സാംസ്ക്കാരിക സന്നദ്ധ സംഘടനകൾ, സ്പോർട്സ് സംഘടനകൾ, ഈവൻറ് മാനേജ്മെൻറ് സംഘങ്ങൾ/സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നും പരിപാടികളുടെ റേറ്റും, പരിപാടികളെകുറിച്ചുള്ള വിശദവിവരങ്ങൾ പങ്കെടുക്കുന്ന കലാകാരൻമാരുടെ പേര് തുടങ്ങിയവ ഉൾപ്പെടെ താത്പര്യ പത്രം ക്ഷണിച്ചു കൊള്ളുന്നു. ഇമെയിൽ മുഖേനയും അയക്കാവുന്നതാണ്. (ശിളീ@റ്യേരലൃിമസൗഹമാ.രീ). അപേക്ഷകൾ/താത്പര്യപത്രം എന്നിവ ലഭിച്ചിരിക്കേ അവസാന തിയതി 2023 ആഗസ്റ്റ് 8 ന് വൈകീട്ട് 5 വരെ . അതിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ, ജില്ലാ കളക്ടർ ജനറൽ കൺവീനറായ ജില്ലാ തല ഓണാഘോഷ സമിതിയുടെ പരിശോധനയ്ക്കും അനുമതിക്കും വിധേയമായിട്ടായിരിക്കും പരിഗണിക്കുക. കൂടുതൽ വിവരങ്ങൾക്ക് 0484 2367334.

## അനുമതി ലഭിച്ചു

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന ഈ സാമ്പത്തിക വർഷത്തെ (20232024)ബജറ്റിൽ ഉൾപ്പെടുത്തി പ്ലാൻ ഫിൽ നിന്നും 9കോടി 59 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു.വിവിധ ചികിത്സാ വിഭാഗത്തിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 8 കോടി 14 ലക്ഷം രൂപ വിനിയോഗിക്കും.ഇതിൽ നിന്നും ശ്വാസകോശരോഗ വിഭാഗത്തിലേക്കായി 1,09,92,700/രൂപ വിലമതിക്കുന്ന ശ്വാസകോശരോഗ നിർണയത്തിനുള്ള അൾട്രാ സൗ മെഷീൻ വാങ്ങുന്നതിനും, ഹൃദ്രോഗ വിഭാഗത്തിലേക്കായി ഒരു കോടി ഇരുപത് ലക്ഷം രൂപ വിലമതിക്കുന്ന ഹൃദയത്തിലേക്കുള്ള രക്തക്കുഴലുകളിൽ ഉാകുന്ന ബ്ലോക്ക് നിർണയിക്കുന്നതിനുള്ള മെഷീൻ വാങ്ങുന്നതിനും,ലാബ് ടെസ്റ്റിനുള്ള റീഏജന്റ്സ്, എക്സ്റേ, സി. റ്റി, എം. ആർ.ഐ എന്നിവ എടുക്കുന്നതിനുള്ള ഫിലീമിമുകൾ,ഫർണിച്ചറുകൾ, ലൈബ്രറി ബുക്സ് എന്നിവ വാങ്ങുന്നതിനുമാണ് അനുവദിച്ചിരിക്കുന്നത്.

1കോടി 40 ലക്ഷം രൂപ മാലിന്യ സംസ്കരണത്തിന് വേിയും,എമർജൻസി ട്രോമ കെയർ സേവനം മെച്ചപ്പെടുത്തുന്നതിലേക്ക് അഞ്ച് ലക്ഷം രൂപയും പ്ലാൻ ഫിൽ നിന്നും അനുമതി ലഭിച്ചിട്ടു്. എറണാകുളം മെഡിക്കൽ കോളേജിൽ നിന്നും അനുമതിക്കായി സമർപ്പിച്ച എല്ലാ നിർദ്ദേശങ്ങളും പ്ലാൻ ഫിൽ പരിഗണിക്കപ്പെട്ടിട്ടു്.

## കെസിബിസി സമ്മേളനം ഇന്നു മുതൽ

**കൊച്ചി:** കേരള കത്തോലിക്കാ മെത്രാൻസമിതി ദൈവശാസ്ത്ര കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഏകദിന ദൈവശാസ്ത്ര സമ്മേളനം 2023 ഇന്ന് രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ മൗ സെന്റ് തോമസിൽവച്ച് നടക്കും. "കേരള സഭാ നവീകരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബം നേരിടുന്ന വെല്ലുവിളികൾ ഒരു ദൈവശാസ്ത്ര പ്രതികരണം 'എന്ന വിഷയത്തെ സംബന്ധിച്ച് റവ. ഡോ. അഗസ്റ്റിൻ കല്ലേലി പ്രബന്ധം അവതരിപ്പിക്കും. സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ വൈസ് പ്രസിഡന്റ് ബിഷപ് മാർ പോളി കണ്ണൂക്കാടൻ അധ്യക്ഷ വഹിക്കും. റൈഫൻ, ടെസ്സി,ജോബി തോമസ്, വർഗീസ് കെ. ചെറിയാൻ എന്നിവർ പഠനവിഷയത്തെ ആസ്പദമാക്കി സംസാരിക്കും.കത്തോലിക്കാസഭയിലെ മെത്രാന്മാരും തിരഞ്ഞെടുക്കപ്പെട്ട ദൈവശാസ്ത്രപണ്ഡിതരും മേജർ സെമിനാരികളിലെ റെക്ടർമാരും ദൈവശാസ്ത്ര പ്രഫസർമാരും കെസിബിസിയുടെ വിവിധ കമ്മീഷൻ സെക്രട്ടറിമാരും ഏകദിന ദൈവശാസ്ത്രസമ്മേളനത്തിൽ സംബന്ധിക്കും. വൈകിട്ട് 5ന് കെസിബിസി സമ്മേളനം ആരംഭിക്കും. അടിയന്തര പ്രാധാന്യം അർഹിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യും. തുടർന്ന് ആഗസ്റ്റ് 4 വരെ മെത്രാന്മാരുടെ വാർഷിക ധ്യാനം നടക്കും. ആലപ്പുഴ രൂപതാധ്യക്ഷൻ ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ ആണ് ധ്യാനം നയിക്കുന്നത്.

## ഓണാഘോഷം: ലോഗോ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന വിനോദ സഞ്ചാര വകുപ്പിൻറേയും എറണാകുളംജില്ലാ ഭരണകൂടത്തിൻറേയും ഡിറ്റിപിസിയുടേയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ലാവണ്യം 2023(ഓണാഘോഷം) ന് ലോഗോ ക്ഷണിച്ചു. ഓൺലൈൻമുഖാന്തിരം ആണ് സൃഷ്ടികൾ സ്വീകരിക്കുക. തെരഞ്ഞെടുത്ത ലോഗോയ്ക്ക് സമ്മാനം നൽകും. സൃഷ്ടികൾ ശിളീ@റ്വേുരലൃിമ സൗഹമാ.രീാ എന്ന ഇമെയിലിലേക്ക് ഓഗസ്റ്റ് പത്തിന് വൈകിട്ട് അഞ്ച് വരെ സമർപ്പിക്കാം. സമർപ്പിക്കുന്ന ഡിസൈനുകൾ പിഡിഎഫ് വെക്ടർ ഫോർമാറ്റിൽ ആയിരിക്കണം. ലോഗോയുടെ ആശയം വിശദീകരിക്കണം. ഒരാൾക്ക് പരമാവധി മൂന്ന് ഡിസൈനുകൾ സമർപ്പിക്കാം. വിജയിയെ തെരഞ്ഞെടുക്കുന്നത് എറണാകുളം ഡിടിപിസിയുടെ ഓണം പ്രോഗ്രാം കമ്മിറ്റി പാനൽ ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04842367334.

## തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് സൗജന്യ പരിശീലനം

**കൊച്ചി:** സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ സഹായത്തോടുകൂടി പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ നടത്തുന്ന വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് എസ്എസ്എൽസി കഴിഞ്ഞ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ മൊബൈൽ ഫോൺ ടെക്നോളജി, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ (സി സി ടി വി) ആൻഡ് എൽ ഇ ഡി സ്ക്രോൾ ഡിസ്പ്ളേ എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. ഈ കോഴ്സുകൾ തികച്ചും സൗജന്യമാണ്. നിബന്ധനകൾക്ക് വിധേയമായി വിദ്യാർഥികൾക്ക് പ്രതിമാസം സ്റ്റൈപ്പൻഡ് നൽകും. അപേക്ഷകൾ കോട്ടയം നാഗമ്പടത്ത് പ്രവർത്തിക്കുന്ന കെൽട്രോൺ നോളജ് സെന്ററിൽ, 2023 ആഗസ്റ്റ് 15 നകം നേരിട്ട് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റും, ആധാർ, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ അസ്സൽ പകർപ്പുകളും അപേക്ഷകന്റെ ഫോട്ടോയും സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9605404811, 8590605265 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്. വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽസി.

## ഇ ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കോതമംഗലം ബ്ലോക്ക് പരിധിയിൽ, പാർലമെന്റ് അംഗത്തിന്റെ പ്രാദേശിക വികസന പദ്ധതിയിൽ(ങജഘഅഉട) പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്ന് ഇടെൻഡർ ക്ഷണിച്ചു. ടെൻഡർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിൽ നിന്നും, www.lsg.kerala.gov.in വെബ് സൈറ്റിൽ നിന്നും അറിയാം. (ഫോൺ:0485 2822544). ടെൻഡർ സർപ്പിക്കേ അവസാന തീയതി ആഗസ്റ്റ് 07 വൈകിട്ട് 6 വരെ.

# പാലങ്ങളെ വിനോദസഞ്ചാര കേന്ദ്രങ്ങളാക്കൽ; പൈലറ്റ് പദ്ധതി ഓഗസ്റ്റിൽ ആരംഭിക്കും



**കൊച്ചി:** പാലങ്ങളെ വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഓഗസ്റ്റിൽ ആരംഭിക്കുമെന്ന് പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ്. പൊതുമരാമത്ത്, ടൂറിസം വകുപ്പുകളുടെ സംയുക്ത പദ്ധതിയുടെ ഭാഗമായാണ് നടപ്പിലാക്കുന്നത്.പാലങ്ങൾ ദീപാലംകൃതമാക്കി മാറ്റുകയും നദികൾക്ക് കുറുകെയല്ലാത്ത ഓവർ ബ്രിഡ്ജുകളുടെ താഴത്തെ ഭാഗം പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകും വിധം മികച്ച രീതിയിൽ പരിവർത്തനം ചെയ്യുകയുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നെടുമ്പാശേരി വിമാനത്താവളത്തിന് സമീപത്തെ ഓവർ ബ്രിഡ്ജും കൊല്ലം എസ്.എൻ കോളേജിന് സമീപത്തെ റെയിൽവേ ഓവർ ബ്രിഡ്ജുമാണ് പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്തിരിക്കുന്നത്. സ്ത്രീ സൗഹൃദവും വയോജന സൗഹൃദവും ഭിന്നശേഷി സൗഹൃദവുമായാണ് പദ്ധതി നടപ്പിലാക്കുന്നത്. കൊല്ലത്തെ റെയിൽവേ ഓവർ ബ്രിഡ്ജിന് താഴത്തെ ഭാഗത്ത് ബാഡ്മിന്റൺ കോർട്ട്, സ്കേറ്റിംഗ് പ്ലേസ്, ചെസ്സ് പ്ലോട്ട്, നടക്കാനുള്ള സൗകര്യം തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ആവിഷ്കരിക്കുന്നത്. പദ്ധതിയുടെ അന്തിമ രൂപമായെന്നും ഓഗസ്റ്റിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. നെടുമ്പാശേരി വിമാനത്താവളത്തിന് സമീപമുള്ള ഓവർ ബ്രിഡ്ജിന് താഴെ ഓപ്പൺ ജിം, ബാസ്ക്കറ്റ് ബോൾ കോർട്ട്, ഫുട്ബോൾ ടർഫ് ഗ്രൗണ്ട് എന്നിവയാണ് സജ്ജീകരിക്കുന്നത്. കേരളത്തിൽ ഇത്തരത്തിൽ ഉപയോഗപ്രദമാക്കാവുന്ന ഓവർ ബ്രിഡ്ജുകളുടെ പട്ടിക ശേഖരിച്ചു വരികയാണ്. 2024ൽ കേരളത്തിൽ ഉടനീളം പദ്ധതി വ്യാപിപ്പിക്കുമെന്നും പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു. കോഴിക്കോട് ഫാറൂഖ് പഴയപാലവും ആലുവ മണപ്പുറത്തെ ഫുട്ഓവർ ബ്രിഡ്ജുമാണ് ദീപാലംകൃതമാക്കുന്നതിനായി ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തിരിക്കുന്നത്. ഓഗസ്റ്റ് അവസാനത്തിൽ പ്രവർത്തനങ്ങൾ ആരംഭിക്കും. പദ്ധതിരേഖ തയ്യാറാക്കൽ പുരോഗമിക്കുകയാണ്. ഈ രണ്ടു പദ്ധതികളും പൊതുമരാമത്ത് വകുപ്പും ടൂറിസം വകുപ്പും സംയുക്തമായാണ് നടപ്പിലാക്കുന്നതെന്നും കേരളത്തെ ഒരു ടൂറിസ്റ്റ് സംസ്ഥാനമാക്കി മാറ്റുന്നതിന് ഈ പദ്ധതികൾ കരുത്ത് പകരുമെന്നും മന്ത്രി പറഞ്ഞു. എറണാകുളം ജില്ലയിലെ റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ബി.എം.ബി.സി റോഡ് നിർമ്മാണം വർദ്ധിപ്പിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ ജില്ലയിലെ 50 ശതമാനത്തിലധികം റോഡുകളും ബി.എം.ബി.സി നിർമ്മാണത്തിൽ ഉള്ളതാണ്. 2021 നവംബർ 1 മുതൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റസ്റ്റ് ഹൗസുകൾ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയത് വൻ വിജയമായിരുന്നെന്നും എറണാകുളം ജില്ലയിൽ മാത്രം 16 റസ്റ്റ് ഹൗസുകളിലായി ഓൺലൈൻ ബുക്കിങ്ങിലൂടെ 1,11,36,649 രൂപ അധികമായി ലഭിച്ചു. വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട ഫോർട്ട് കൊച്ചിയിലെ വിവിധ പ്രവർത്തനങ്ങൾക്കായി 1 കോടി 45 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

# അംബേദ്കർ ഗ്രാമ വികസന പദ്ധതി: പുലിയാമ്പിള്ളിമുകൾ കോളനി നവീകരണം ആരംഭിച്ചു




**കൊച്ചി:** വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ പുലിയാമ്പിള്ളി മുകൾ കോളനിയിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പട്ടികജാതി കോളനികളിൽ സമഗ്ര വികസനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്.പട്ടികജാതി വികസന വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കോളനിയിൽ നടപ്പാക്കുക. ഇതിന്റെ ഭാഗമായി കോളനിയിലെ 34 വീടുകൾ അറ്റകുറ്റപണി നടത്തി നവീകരിക്കും. അങ്കണവാടിയുടെ നവീകരണം, പൊതുകുളം നവീകരണം, നടപ്പാത കോൺക്രീറ്റിങ്ങ്, കോളനി റോഡുകളുടെ നിർമ്മാണം, ലൈബ്രറിയിലേക്കാവശ്യമായ പുസ്തകങ്ങളും കായിക ഉപകരണങ്ങളും ലഭ്യമാക്കൽ എന്നിവയെല്ലാം പദ്ധതിയുടെ ഭാഗമായി നടക്കും. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 40 പട്ടികജാതി കുടുംബങ്ങളുൾപ്പെടെ 50 കുടുംബങ്ങളാണ് കോളനിയിൽ താമസിക്കുന്നത്. മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന കോളനികളെയാണ് അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നത്.പുലിയാമ്പിള്ളി മുകൾ കോളനിയിൽ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പി വി ശ്രീനിജിൻ എം എൽ എ നിർവഹിച്ചു. പട്ടികജാതി ക്ഷേമത്തിനായി നിരവധി പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നതെന്നും ഇത് വഴി പട്ടികജാതി വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ കഴിയുമെന്നും പി. വി. ശ്രീനിജിൻ എം എൽ എ പറഞ്ഞു. ഓരോ നിയോജകമണ്ഡലത്തിലും എം എൽ എ മാരാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കേ കോളനികളെ തിരഞ്ഞെടുക്കുന്നത്. ഒരുവർഷം ര് കോളനികളെ വീതം പദ്ധതിക്കായി തിരഞ്ഞെടുക്കാം.

# ദേശീയ വിദ്യാഭ്യാസ നയം: മൂന്നാം വാർഷികം ആഘോഷിച്ച് കൗൺസിൽ ഓഫ് ആർക്കിടെക്ചർ

## ലോകമാറ്റത്തിനനുസൃതമായി രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായം മാറണം: ടി പി ശ്രീനിവാസൻ



കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ ആഭിമുഖ്യത്തിൽ വൈറ്റില ആസാദി ആർക്കിടെക്ചർ കോളജ് ക്യാംപസിൽ സംഘടിപ്പിച്ച ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ മൂന്നാം വാർഷികാഘോഷം മുൻ ഇന്ത്യൻ അംബാസിഡർ ടി.പി ശ്രീനിവാസനും സംസ്ഥാന അവാർഡ് ജേതാവായ ചലച്ചിത്ര താരം വിൻസി അലോഷ്യസും ചേർന്ന് കേക്കു മുറിച്ച് ഉദ്ഘാടനം ചെയ്യുന്നു. ഡോ.ബാബു രാജേശ്വരൻ, പ്രൊഫ.ജെ മനോഹരൻ, പ്രൊഫ.ജയശ്രീ ദേശ് പാണ്ഡെ, ഡോ.ഷക്കീല ഷംസു, പ്രൊഫ.ബി.ആർ അജിത്, പ്രൊഫ.പുഷ്കർ കൻവിന്ദ, പ്രൊഫ.മിലിന്ദ് കൊല്ലിഗൽ, ഡോ.ബിനുമോൾ ടോം സമീപം

**കൊച്ചി:**കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ ആഭിമുഖ്യത്തിൽ ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ മൂന്നാം വാർഷികാഘോഷം സംഘടിപ്പിച്ചു. ദേശീയ വിദ്യാഭ്യാസ നയം ആർക്കിടെക്റ്റർ എഡ്യുക്കേഷനിൽ എന്ന വിഷയത്തിൽ വൈറ്റില ആസാദി ആർക്കിടെക്ചർ കോളജ് ക്യാംപസിൽ നടന്നുവന്ന ദ്വിദിന ദേശീയ സിംമ്പോസിയത്തിനോടനുബന്ധിച്ചാണ് വാർഷികാഘോഷം സംഘടിപ്പിച്ചത്. മുൻ ഇന്ത്യൻ അംബാസിഡറും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സമിതി മുൻ വൈസ് ചെയർമാനുമായിരുന്ന ടി.പി ശ്രീനിവാസൻ ചടങ്ങിൽ മുഖ്യ അതിഥിതിയായിരുന്നു. ലോകത്തിന്റെ മാറ്റത്തിനനുസൃതമായി നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെ മാറ്റിയെടുക്കണമെന്ന് ടി.പി ശ്രീനിവാസൻ വ്യക്തമാക്കി. പ്രോഗ്രസ് കാർഡിലും പരീക്ഷകളിലും മാത്രം ഒതുങ്ങാതെ ലോകത്തിന്റെ മാറ്റങ്ങൾക്കൊപ്പം സഞ്ചരിക്കാനാവുന്ന വിധത്തിൽ വിദ്യാർഥികളെ പ്രാപ്തരാക്കുന്ന വിധത്തിലുള്ള സമഗ്രമായ മാറ്റം നമ്മുടെ വിദ്യാഭ്യസ സമ്പ്രദായത്തിലും അനിവാര്യമാണ്. എല്ലാ മാതാപിതാക്കളും ആഗ്രഹിക്കുന്നത് മക്കൾ നല്ല വിദ്യാഭ്യാസം നേടണമെന്നാണ്. ലോകനിലവാരത്തിലുള്ള വിദ്യാഭ്യാസ രീതി നടപ്പിലാക്കാത്തിടത്തോളം കാലം ഇവിടെ നിന്നും ഉന്നത വിദ്യാഭ്യാസത്തിനായി മറ്റു രാജ്യങ്ങളിലേക്കുള്ള വിദ്യാർഥികളുടെ ഒഴുക്ക് തുടരുമെന്നും ടി പി ശ്രീനിവാസൻ വ്യക്തമാക്കി. ലോകത്തിലെ ഏറ്റവു യുവത്വം തുളുമ്പു രാജ്യമാണ് ഇന്ത്യ. ഇന്ത്യൻ യുവതയുടെ കഴിവ് ഇന്ത്യയുടെ മുന്നോട്ടുള്ള വളർച്ചയ്ക്ക് അനിവാര്യമാണെന്നും ടി.പി ശ്രീനിവാസൻ വ്യക്തമാക്കി. ആസാദി ചെയർമാൻ സീനിയർ ആർക്കിടെക്റ്റ് പ്രൊഫ.ബി.ആർ അജിത് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഈ വർഷത്തെ മികച്ച നടിക്കുള്ള സംസ്ഥാന അവാർഡ് നേടിയ ആസാദിയിലെ പൂർവ്വ വിദ്യാർഥികൂടിയായ വിൻസി അലോഷ്യസിനെ ചടങ്ങിൽ ആദരിച്ചു.ഡോ.ഷക്കീല ഷംസു, പ്രൊഫ.പുഷ്കർ കൻവിന്ദ,ഡോ.ശ്രീവൽസൻ, പ്രൊഫ.ജയശ്രീ ദേശ് പാണ്ഡെ,പ്രൊഫ.മിലിന്ദ് കൊല്ലിഗൽ,ഡോ.ബിനുമോൾ ടോം, പ്രൊഫ.ജെ മനോഹരൻ തുടങ്ങിയവർ പങ്കെടുത്തു.സിംമ്പോസിയത്തിന്റെ ഭാഗമായി ഡോ.ബിനുമോൾ ടോം, പ്രൊഫ.ജെ മനോഹരൻ എന്നിവരുടെ നേതൃത്വത്തിൽ വർക്ക് ഷോപ്പും നടത്തി. സമാപനത്തോനുബന്ധിച്ച് നടന്ന ചർച്ചയിൽ ഡോ.പ്രതീക് സുധാകരൻ മോഡറേറ്ററായി.ആർക്കിടെക്ച്ചർ ലാലിച്ചൻ സക്കറിയ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

# ഓർമ്മകൾ പങ്കുവെച്ച് നടി വിൻസി അലോഷ്യസ്; ആദരവ് നൽകി കലാലയം

**കൊച്ചി:**ആർക്കിടെക്ചർ പഠനം നടത്തിയ കലാലയത്തിന്റെ ആദരവ് ഏറ്റുവാങ്ങിയും ഓർമ്മകൾ പങ്കുവെച്ചും മികച്ച നടിക്കുള്ള സംസ്ഥാന അവാർഡ് നേടിയ ചലച്ചിത്ര താരം വിൻസി അലോഷ്യസ്. കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ ആഭിമുഖ്യത്തിൽ വൈറ്റില ആസാദി ആർക്കിടെക്ചർ കോളജ് ക്യാംപസിൽ നടന്നുവന്ന ദ്വിദിന ദേശീയ സിംമ്പോസിയത്തിന്റെ വേദിയിൽ വെച്ചാണ് ആസാദി ആർക്കിടെക്ചർ കോളജിലെ പൂർവ്വ വിദ്യാർഥിനിയായിരുന്ന വിൻസി അലോഷ്യസിനെ ആസാദി ആർക്കിടെക്ചർ കോളജ് ചെയർമാൻ പ്രൊഫ.ബി ആർ അജിത് ആദരിച്ചത്.തന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ നിമിഷത്തിലൂടെയാണ് താൻ കടന്നു പോകുന്നതെന്ന് ആദരവ് ഏറ്റുവാങ്ങിക്കൊണ്ട് വിൻസി അലോഷ്യസ് പറഞ്ഞു. ആർക്കിടെക്ച്ചർ പഠനത്തിനായി ആസാദിയിലെത്തിയ തനിക്ക് ചെയർമാൻ പ്രൊഫ ബി ആർ അജിത് സാറും ഭാര്യ ദേവി അജിത്തും മാതാപിതാക്കൾ മക്കൾക്കു നൽകുന്ന പരിഗണനയും സ്നേഹവുമാണ് സമ്മാനിച്ചതെന്നും വിൻസി അലോഷ്യസ് പറഞ്ഞു. ആസാദിയിലെ ആർക്കിടെക്ചർ വിദ്യാർഥികളുടെ കലാമേളയിൽ മോണോ ആക്ട് അടക്കമുള്ള മൽസരങ്ങളിൽ പങ്കെടുത്ത് വിൻസി സമ്മാനങ്ങൾ നേടിയിരുന്നതിനെ പ്രൊഫ.ബി.ആർ അജിത് അനുസ്മരിച്ചു. ഇനിയും കൂടുതൽ ഉയരങ്ങളിലെത്താൻ വിൻസിക്ക് കഴിയട്ടെയെന്നും അദ്ദേഹം ആശംസിച്ചു. 2014 കാലഘട്ടത്തിലായിരുന്നു വിൻസി ആസാദി കോളജിൽ ആർക്കിടെക്ചർ പഠനം നടത്തിയത്. വിൻസിയുടെ മാതാപിതാക്കളും ആദരിക്കൽ ചടങ്ങിൽ പങ്കെടുത്തു. ദേശീയ വിദ്യാഭ്യാസ നയം 2020 ന്റെ മൂന്നാം വാർഷികാഘോഷ ചടങ്ങിലും പങ്കെടുത്താണ് വിൻസി അലോഷ്യസ് മടങ്ങിയത്.



മികച്ച നടിക്കുള്ള സംസ്ഥാന അവാർഡ് നേടിയ ചലച്ചിത്ര താരം വിൻസി അലോഷ്യസിനെ വൈറ്റില ആസാദി ആർക്കിടെക്ചർ കോളജ് ക്യാംപസിൽ നടന്നുവന്ന ദ്വിദിന ദേശീയ സിംമ്പോസിയത്തിന്റെ വേദിയിൽ വെച്ച് ആസാദി ആർക്കിടെക്ചർ കോളജ് ചെയർമാൻ പ്രൊഫ.ബി ആർ അജിത് ഉപഹാരം നൽകി ആദരിച്ചപ്പോൾ.ദേവി അജിത്,അമ്മു അജിത്,വിൻസി അലോഷ്യസിന്റെ മാതാപിതാക്കൾ സമീപം

## വെബ്ബിനാർ ഇന്ന്

**കൊച്ചി:** സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംരംഭകർക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രെനെർഷിപ് ഡെവലപ്പ്മെന്റ് (KIED) വെബിനാർ സംഘടിപ്പിക്കുന്നു. ജൂലൈ 31 ന് ഉച്ച കഴിഞ്ഞ് 3 മുതൽ 4 വരെ ഓൺലൈനായി സൂം പ്ലാറ്റഫോം മാർഗത്തിലൂടെയാണ് വെബിനാർ സംഘടിപ്പിക്കുന്നത്. ചെറുതും വലുതുമായ സംരംഭങ്ങൾ എങ്ങനെയാണ് രജിസ്റ്റർ ചെയ്യുന്നത്, രജിസ്റ്റർ ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ, രജിസ്ട്രേഷൻ ചെയ്യുന്നതിന്റെ പ്രക്രിയ, രജിസ്ട്രേഷൻ ചെയ്യുന്നതിന്റെ ആവശ്യകത തുടങ്ങിയ വിഷയങ്ങൾ വെബിനാറിൽ ചർച്ച ചെയ്യുന്നതാണ്. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ www.kied.info ൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/ 2550322.

## ഹെൽപ്പർ ഒഴിവ്

**കൊച്ചി:** ഒരു സംസ്ഥാന അർധ സർക്കാർ സ്ഥാപനത്തിൽ ഹെൽപ്പർ (കാർപ്പെന്റർ ) തസ്തികയിൽ ഇ ടി ബി, മുസ്ലിം വിഭാഗങ്ങൾക്കായി സംവരണം ചെയ്ത ഓരോ ഒഴിവുകൾ നിലവിലു്. താൽപര്യമുള്ള ഉദ്യോഗാർഥികൾ ഓഗസ്റ്റ് 10 നകം യോഗ്യത / പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം. യോഗ്യത: എസ് എസ് എൽ സി, എൻ റ്റി സി കാർപ്പെന്റർ,
ര് വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തി പരിചയം.പ്രായം 18 41. സംവരണ വിഭാഗങ്ങൾക്ക് നിയമാനുസൃത വയസിളവ് ബാധകം. കൂടുതൽ വിവരങ്ങൾക്ക് 0484 2422458

## അതിഥി അധ്യാപക ഒഴിവ്

**കൊച്ചി:** തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിൽ സംസ്കൃത സാഹിത്യ, ജ്യോതിഷ വിഭാഗങ്ങളിൽ നിലവിലുള്ള ഒഴിവിലേക്ക് അതിഥി അധ്യാപകരെ നിയമിക്കുന്നതിന് കൂടിക്കാഴ്ച നടത്തുന്നു. ഉദ്യോഗാർത്ഥികൾ 55 ശതമാനം മാർക്കോടെ ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയവരും, യുജിസി യോഗ്യതയുള്ളവരും എറണാകുളം മേഖല കോളേജ് വിദ്യാഭ്യാസ ഉപമോധാവിയുടെ അതിഥി അധ്യാപക ലിസ്റ്റിൽ ഉൾപ്പെട്ടവരോ, കോളേജിയേറ്റ് ഡയറക്ടറുടെ നിർദ്ദേശാനുസരണം ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവരോ ആയിരിക്കണം. യുജിസി യോഗ്യതയുള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കും. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ആഗസ്റ്റ് 3ന് രാവിലെ 11ന് ജ്യോതിഷ വിഭാഗത്തിലും, ഉച്ചയ്ക്ക് 2ന് സാഹിത്യ വിഭാഗത്തിലും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം പ്രിൻസിപ്പാൾ മുമ്പാകെ അഭിമുഖത്തിന് ഹാജരാകണം.

## വിമുക്തഭടന്മാരുടെ ശ്രദ്ധയ്ക്ക്

**കൊച്ചി:** സ്വാതന്ത്രത്തിൻറെ എഴുപത്തിയാറാം വാർഷികം പ്രമാണിച്ച് എസ്.ബി. ഐ ബാങ്ക് അർഹരായ വിമുക്തഭടന്മാർക്കും ആശ്രിതർക്കും വീൽ ചെയറും തയ്യൽ മെഷീനും നൽകുന്നു. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തിയതി ജൂലൈ 31. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ സൈനിക ക്ഷേമ ഓഫീസുമായി ബന്ധപ്പെടാം. ഫോൺ 0484 2422239

# കുഫോസന് ആഗോള അംഗീകാരം ; പ്രോട്ടീൻ സമ്പുഷ്ട മത്സ്യതീറ്റ നിർമ്മാണത്തിന് അന്താരാഷ്ട്ര ധാരണ

കൊച്ചി : മൽസ്യക്കുഞ്ഞുങ്ങളെ ഉപയോഗിച്ച് മത്സ്യതീറ്റ നിർമ്മിക്കുന്നതിന് പകരം ഏക കോശ മാംസ്യ കണങ്ങളും സൂക്ഷ്മാണുക്കളിൽ നിന്നുള്ള മാംസ്യവും ഉപയോഗിച്ച് വ്യവസായിക അടിസ്ഥാനത്തിൽ  മത്സ്യതീറ്റ ഉദ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ഇന്ത്യയിൽ തദ്ദേശീയമായി വികസിപ്പിക്കാൻ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയും (കുഫോസ്) അമേരിക്കയിലെ ടെക്സസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന മെറിഡിയൻ ബയോടെക്കും സഹകരിച്ച് പ്രവർത്തിക്കും. ഇതിനായുള്ള ധാരാണപത്രം കുഫോസും മെറിഡിയൻ ബയോടെക്കിൻറെ ഇന്ത്യൻ സബ്സിഡിയറിയും തമ്മിൽ ഒപ്പുവെച്ചു. വൈസ് ചാൻസലർ ഡോ. ടി.പ്രദീപ്കുമാറിൻറെ സാന്നിധ്യത്തിൽ കുഫോസ് രജിസ്ട്രാർ ഡോ.ദിനേശ് കൈപ്പിള്ളിയും മെറിഡിയൻ ചീഫ് ഓപറേറ്റിങ്ങ് ഓഫിസർ  ബ്രാണ്ടൻ കൊറസുമാണ് കുഫോസ് ആസ്ഥാനത്ത് ധാരണപത്രം ഒപ്പുവെച്ചത്.ഇന്ത്യപോലുള്ള വികസ്വര രാജ്യങ്ങളിൽ കടൽ ആവാസവ്യവസ്ഥ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മത്സ്യതീറ്റ നിർമ്മാണത്തിനായി മത്സ്യക്കുഞ്ഞുങ്ങളെ വൻതോതിൽ പിടിക്കുന്നത്. ഒരു കിലോ മത്സ്യതീറ്റ ഉദ്പാദിപ്പിക്കാൻ അഞ്ച് കിലോ മീൻകുഞ്ഞുങ്ങളെ വേണമെന്ന് കുഫോസ് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ പറഞ്ഞു. കടലിലെ മത്സ്യക്ഷാമത്തിൻറെ അടിസ്ഥാന കാരണങ്ങളിലൊന്ന്  മത്സ്യതീറ്റ നിർമ്മാണത്തിനായി മത്സ്യക്കുഞ്ഞുങ്ങളെ വൻതോതിൽ പിടിക്കുന്നതാണ്. അശാസ്ത്രീയമായ ഇത്തരം മത്സ്യബന്ധനം അവസാനിക്കണമെങ്കിൽ മത്സ്യങ്ങൾക്ക് മത്സ്യക്കുഞ്ഞുങ്ങളെ ആഹാരമായി നൽകുന്നതിന് പകരം സംവിധാനങ്ങൾ ഉണ്ടാകണം. അമേരിക്കയിൽ ഡിസ്റ്റലറികളുടെ വേസ്റ്റ് ഉൾപ്പടെയുള്ള ശ്രോതസ്സുകളിൽ നിന്ന് മത്സ്യതീറ്റ നിർമ്മാണത്തിനുള്ള ഏക കോശ മാംസ്യ കണങ്ങളും സൂക്ഷ്മാണുക്കളിൽ നിന്നുള്ള മാംസ്യവും വ്യവസായികമായി ഉദ്പാദിപ്പിച്ച് വിപണനം ചെയ്യുന്ന കമ്പനിയാണ് മെറിഡിയൻ. ധാരണാപത്രമനുസരിച്ച് മെറിഡിയൻറെ ഇന്ത്യൻ സബ്സിഡിയറി പ്രാദേശിക ശ്രോതസ്സുകളിൽ നിന്ന് സംഭരിക്കുന്ന അസംസ്കൃത വസ്തുക്കളിൽ നിന്ന് ഉദ്പാദിപ്പിക്കുന്ന ഏക കോശ മാംസ്യ കണങ്ങളുടെയും സൂക്ഷ്മാണുക്കളിൽ നിന്നുള്ള മാംസ്യത്തിൻറെയും ഇവ ഉപയോഗിച്ച് നിർമ്മിക്കുന്ന മത്സ്യതീറ്റയുടെയും  ഗുണനിലവാരവും ഘടനയും വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് സർട്ടിഫൈ ചെയ്യുക കുഫോസായിക്കും.  ഇതിനായി പ്രത്യേക ഫാമുകളും ലാബുകളും കുഫോസിൽ സജ്ജീകരിക്കും. കുഫോസിൻറെ പരിശോധന റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലായിരിക്കും ഇവയുടെ വ്യവസായികമായ ഉദ്പാദനം നടക്കുക. ഇതിനായി നിശ്ചിത ഫീസ് മെറിഡിയൻ കുഫോസിന് നൽകും.അമേരിക്ക ഇറക്കുമതി ചെയ്യുന്ന ചെമ്മീനിൻറെ 55 ശതമാനവും ഇന്ത്യയിൽ നിന്നാണ്. ഗുണനിലവാരത്തിലെ വീഴ്ചകൾ ചൂണ്ടിക്കാട്ടി പലപ്പോഴും അമേരിക്ക ഇന്ത്യൻ ചെമ്മീൻ കൺസൈമെൻറുകൾ തിരിച്ചയക്കുന്നതുമൂലം ഇന്ത്യൻ ചെമ്മീൻ കർഷകർക്ക് അതിഭീമമായ നഷ്ടം സംഭവിക്കാറുണ്ട്. പ്രോട്ടീൻ സമ്പുഷ്ടമായ ഏക കോശ മാംസ്യ കണങ്ങൾ ഉപയോഗിച്ച് ഗുണനിലവാരമുള്ള മത്സ്യതീറ്റ ഇന്ത്യയിൽ ലഭ്യമാകുന്നതോടെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നും  വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ പറഞ്ഞു. കുഫോസ് വിദ്യാർത്ഥികളുടെ അന്താരാഷ്ട്ര ഗവേഷണ/അധ്യയന അവസരങ്ങൾ വിപുലീകരിക്കാൻ മെറിഡിയനുമായുള്ള സഹകരണത്തിലൂടെ കഴിയുമെന്നും വൈസ് ചാൻസലർ പറഞ്ഞു.മെറിയഡിയൻ ബയോടെക്കിൻറെ പ്രോസസ് എഞ്ചിനീയർ രവി കനാനി, ചീഫ് ബിനിനസ്സ് ഡെവലപ്മെൻറ് ഓഫിസർ ഹാസ്മുക്ക് വർദ്ധൻ, കുഫോസ് ഓഷൻ സയൻസ് ഡീൻ ഡോ.എസ്.സുരേഷ് കുമാർ, പരീക്ഷാ കൺട്രോളർ ഡോ.കെ.പി.സുഭാഷ് ചന്ദ്രൻ, പ്ളാനിങ്ങ് ഡയറക്ടർ ഡോ.എം.എസ്.രാജു, വിജ്ഞാന വ്യാപനം വിഭാഗം മേധാവി ഡോ.എം.കെ.സജ്ജീവൻ, യൂണിവേഴ്സിറ്റി എഞ്ചിയീയർ എൻ.കെ.മുഹമ്മദ് കോയ എന്നിവരും ധാരാണപ്ത്രം ഒപ്പുവെക്കുന്ന ചടങ്ങിൽ പങ്കെടുത്തു.



# ഉന്നത വിജയം നേടിയ വിദ്യാർത്ഥിളെ ആദരിച്ചു

**കൊച്ചി:** എസ് എസ്എൽ സി പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ കളക്ടറേറ്റ് ജീവനക്കാരുടെ കുട്ടികളെ കളക്ടറേറ്റ് സ്റ്റാഫ് കൗൺസലിന്റെ നേതൃത്വത്തിൽ ആദരിച്ചു. ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷ് വിദ്യാർത്ഥികൾക്ക് ഉപഹാരം കൈമാറി.പഠനകാലത്തെ രസകരമായ  അനുഭവങ്ങൾ  കളക്ടർ കുട്ടികളുമായി പങ്കുവെച്ചു. സിവിൽ സർവീസ് പരീക്ഷ എഴുതാൻ തിരുമാനിച്ച സാഹചര്യവും അതിനായി നടത്തിയ പരിശ്രമങ്ങളും പഠിക്കേണ്ട രീതികളും വ്യക്തമാക്കി. എന്നും പുതിയ  കാര്യങ്ങൾ പഠിക്കാൻ ശ്രമിക്കണം. അവസരങ്ങളെ കൃത്യമായി ഉപയോഗിക്കണം. എങ്ങനെ പഠിക്കണം എന്തിനു പഠിക്കണം എന്ന ബോധത്തോടെ ആയിരിക്കണം പഠിക്കേണ്ടത്. സ്വപ്നങ്ങൾ കാണുകയും കാണുന്ന സ്വപ്നങ്ങൾ നേടിയെടുക്കുന്നതിന് പരിശ്രമിക്കുകയും ചെയ്യണമെന്നും കളക്ടർ പറഞ്ഞു. വിജയം നേടിയ വിദ്യാർത്ഥികളെയും പരിപാടി സംഘടിപ്പിച്ച സ്റ്റാഫ് കൗൺസിലിനെ കളക്ടർ അഭിനന്ദിച്ചു.കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി കളക്ടർമാരായ ഉഷാ ബിന്ദുമോൾ, വി.ഇ അബ്ബാസ്, ഹുസൂർ ശിരസ്തദാർ ബി. അനിൽ കുമാർ മേനോൻ, സീനിയർ സൂപ്രണ്ട് ബിന്ദു രാജൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# 'കാവ്യാർച്ചന' കവിതാലാപനവുമായി വിദ്യാർഥികൾ



**കൊച്ചി:** ഭാഷയുടെ എല്ലാ വൈഭവങ്ങളെയും ഊർജ്ജ സ്രോതസ്സുകളയും എങ്ങനെ വിളിച്ചുണർത്തി ഭാവത്തിലേക്ക് കൊണ്ടുവരാൻ കഴിയുമെന്ന അന്വേഷണമാണ് കവിതാലാപനത്തിലൂടെ മനസിലാകുന്നതെന്നു പ്രഫ. എം തോമസ് മാത്യു അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെൻറർ സംഘടിപ്പിച്ച കാവ്യാർച്ചന തിരഞ്ഞെടുക്കപ്പെട്ട പത്തു  കോളേജ്, സ്കൂൾ വിദ്യാർത്ഥികൾ അവതരിപ്പിച്ച കവിത ആലാപനത്തിന്റെ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാഷയുടെ ആന്തര ശക്തികളെ മുഴുവൻ ആവാഹിച്ചെടുക്കുവാൻ കഴിയുന്നു കവിതകളിൽ.  വാക്കുകളും അല്ലെങ്കിൽ ശബ്ദവും അതിൻറെ അർത്ഥവും ഉണ്ടാക്കുന്ന ഈ വാസ്തു  ബോധത്തിന്റെ ലോകത്തുനിന്ന് ഭാവലോകത്തേക്കു പ്രവേശിക്കുകയും അവിടെവച്ച് ജീവിതത്തെ സംബന്ധിക്കുന്ന ഒരു പുതിയ കാഴ്ചപ്പാടായി അത് മാറുകയും ചെയ്യുമ്പോഴാണ് കവിത പൂർണമായും അതിൻറെ സാഫല്യത്തിൽ എത്തിച്ചേരുന്നത് എന്ന് അദ്ദേഹം പറഞ്ഞു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ  അധ്യക്ഷത വഹിച്ചു.  പ്രൊഫ. എം. തോമസ് മാത്യു, ടി എം എബ്രഹാം എന്നിവർ വിദ്യാർത്ഥികൾക്ക് ഉപഹാരം സമ്മാനിച്ചു.ഗോപിക,സെന്റ് ആൽബർട്ട്സ് കോളേജ്  ,ആഷ്ലി, മഹാരാജാസ് കോളേജ്,ടെസി പ്രിൻസ് സെന്റ്. പോൾസ് കോളേജ്, ലക്ഷ്മി ദേവാംഗന,അനന്യ ജെ. എസ്., സെന്റ് തെരേസാസ് കോളേജ്, അഞ്ജന പി.എസ്. എസ്.എച്ച്. കോളേജ്,അഭിജിത്ത് പി.ആർസെക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്ക്കൂൾ, ഉജ്ജ്വല സൂര്യ സെന്റ് ജോസഫ്സ് സ്ക്കൂൾ, കരിത്തല, വൈഷ്ണവി, ഗവ. ഗേൾസ് സ്ക്കൂൾ, എറണാകുളം, ഗാർഗി എസ് അമ്പാട്ട്, എറണാകുളം ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, അയോണ കെ. ബാബു സെന്റ് തോമസ് ഹൈസ്കൂൾ, പെരുമാനൂർ,അനുശ്രീ, ലോ കോളേജ് എറണാകുളം, അനാൻ സുധീർ,സെന്റ് മേരിസ് സ്ക്കൂൾ എറണാകുളം എന്നിവർ കവിതകൾ അവതരിപ്പിച്ചു.

